**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4630** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പെൺകുട്ടികളുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ വികസനം ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ വികസനം ലക്ഷ്യമിട്ട് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത പദ്ധതി വകുപ്പിൽ നടപ്പിലാക്കി വരുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും LIC OF INDIA യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതി പ്രകാരം അപേക്ഷകയായ പെൺകുട്ടിയുടെ പേരിൽ നാല് ഗഡുക്കളായി ആകെ 1,38,000/- (ഒരു ലക്ഷത്തി മുപ്പത്തി എണ്ണായിരം രൂപ മാത്രം) രൂപ വകുപ്പിൽ നിന്നും LIC യിൽ നിക്ഷേപിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപ LIC യിൽ നിന്നും തിരികെ ലഭ്യമാകുന്നു.<br><br>ഇതിനു പുറമേ 8 വയസ്സിന് ശേഷം പെൺകുട്ടിയ്ക്ക് മരണം സംഭവിയ്ക്കുക, രക്ഷകർത്താക്കൾക്ക് മരണമോ അംഗവൈകല്യമോ സംഭവിയ്ക്കുക തുടങ്ങിയ സാഹചര്യങ്ങളിൽ ഇൻഷുറൻസ് തുകയും പെൺകുട്ടിയ്ക്കും സഹോദരനോ സഹോദരിക്കോ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ സ്കോളർഷിപ്പ് എന്നിവയും അനുവദിയ്ക്കുന്നതിന് നിബന്ധന ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ; | (ബി) | 01.04.2017 മുതൽ ജനിച്ചിട്ടുള്ള പട്ടികജാതി പെൺകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്കാണ് അപേക്ഷിയ്ക്കാൻ അർഹതയുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. |
| (സി) | പ്രസ്തുത പദ്ധതി കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | വാത്സല്യനിധി പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതി പെൺകുട്ടികളുടെ രക്ഷിതാക്കളിൽ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള ഇൻഷ്വറൻസ് തുകയും വിദ്യാഭ്യാസാനുകൂല്യങ്ങളും പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പോളിസി പ്രകാരമാണ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ (LIC) നിന്നും അനുവദിക്കേണ്ടിയിരുന്നത്. 01/06/2020 മുതൽ പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പദ്ധതി കേന്ദ്രസർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ പദ്ധതി മാനദണ്ഡ പ്രകാരം ആദ്യരക്ഷിതാവിന് മരണമോ അംഗ വൈകല്യമോ സംഭവിക്കുമ്പോൾ ലഭിക്കേണ്ട ഇൻഷ്വറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നതിൽ നിന്നും LIC ഏകപക്ഷീയമായി പിന്മാറുകയുണ്ടായി. ഇത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയുണ്ടായി. PMJJBY പോളിസി നിലവില്ലാത്ത സാഹചര്യത്തിൽ ടി പോളിസി പ്രകാരം നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച് വാത്സല്യനിധി പദ്ധതി പുനഃക്രമീകരിക്കുന്നതിനു LIC യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ